ആലപ്പുഴ	–	13000
പത്തനംതിട്ട	–	247
എറണാകുളം	–	8216
കോട്ടയം	–	1090
ഇടുക്കി	–	6
തൃശ്ശൂർ	–	2000
മലപ്പുറം	–	10180
കോഴിക്കോട്	–	6864
വയനാട്	–	6
കണ്ണൂർ	–	3235
പാലക്കാട്	–	125
കാസർഗോഡ്	–	2192
ആകെ	–	77829

(സി)

2001-2002	250 ലക്ഷം രൂപ
2002-2003	250 ലക്ഷം രൂപ
2003-2004	450 ലക്ഷം രൂപ
2004-2005	876 ലക്ഷം രൂപ
2005-2006	350 ലക്ഷം രൂപ
ആകെ	2176 ലക്ഷം രൂപ

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സഹായം

123 [1956] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഈ വർഷം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സഹായത്തിന് അർഹരായ എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവർക്ക് ഇതുവരെയും സഹായം വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം എത്രയുംവേഗം വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വർഷം അപേക്ഷ ലഭിച്ചു തുടങ്ങിയിട്ടില്ല.

(ബി) & (സി) അപേക്ഷ ലഭിച്ചുകഴിഞ്ഞാലുടൻ നടപടിക്രമം പൂർത്തിയാക്കി വിതരണം ചെയ്യുന്നതാണ്.

കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം

124 [1957] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ഗ്രാമപഞ്ചായത്തിലെ രണ്ട് പ്രധാനപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കോളനികളായ പുലിമേൽ കുമ്പളമലയിലും, പടനിലം ഏലിയാസ് നഗറിലും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകളുടെ മെറ്റലിംഗ്/ടാറിംഗ് നടത്തുന്നതു സംബന്ധിച്ച് ഹാർബർ എഞ്ചിനീയർ നൽകിയ എസ്റ്റിമേറ്റ് പ്രൊപ്പോസലിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ നാലു വർഷക്കാലം കേന്ദ്ര ഗവൺമെന്റ് എത്ര തുക നൽകി എന്ന് വിശദമാക്കുമോ;

(ഇ) ഈ തുക ഉപയോഗിച്ചതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ)—(ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly